**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** **27-07-2021 - ൽ മറുപടിയ്ക്ക്**

**മലയാളം ലെക്സിക്കൻ മേധാവി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ സി ആർ മഹേഷ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സർവ്വകലാശാല ഓർഡിനൻസിന് വിരുദ്ധമായി മലയാളം ലെക്സിക്കൻ മേധാവിയായി സംസ്കൃതാദ്ധ്യാപികയെ നിയമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള സർവകലാശാലയിൽ മലയാളം ലെക്സിക്കൺ മേധാവിയുടെ നിയമനത്തി നായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് പൂർണ്ണമായും സർവകലാശാല ഓർഡിനൻസ് അനുശാസിക്കും പ്രകാരമുള്ള യോഗ്യതകൾ നിലനിർത്തിക്കൊണ്ടാണ്. കേരള സർവകലാശാല മലയാളം ലെക്സിക്കൺ എഡിറ്ററുടെ സ്ഥിരനിയമനം വേഗതയിൽ നടത്തുന്നതിനായി കേരള പബ്ലിക് സർവീസ് കമ്മീഷനെ സർവകലാശാല സമീപിച്ചപ്പോൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ (സർവകലാശാലകളുടെ കീഴിലുള്ള സർവീസുകൾ സംബന്ധിച്ചുള്ള കൂടുതൽ ചുമതലകൾ) ആക്ട് 2015 പ്രകാരം കൺസൾട്ടേഷൻ റൂൾ തയ്യാറാക്കിയതിനു ശേഷം മാത്രമേ സ്ഥിരനിയമനം നടത്താൻ കഴിയുകയുള്ളൂ എന്നാണ് പി.എസ്.സി അറിയിച്ചിരുന്നത്. കൺസൾട്ടേഷൻ റൂൾ തയ്യാറാക്കൽ സമയം ആവശ്യമായ ഒരു പ്രക്രിയ ആയതിനാൽ അതുവരെ മലയാളം ലെക്സിക്കൺ വിഭാഗത്തിൻറെ സുഗമമായ പ്രവർത്തനത്തിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എഡിറ്ററെ താൽക്കാലികമായി നിയമിക്കാൻ 24.08.2020 ൽ സർവകലാശാല തീരുമാനിച്ചിരുന്നു. കേരള സർവകലാശാല ഫസ്റ്റ് ഓർഡിനൻസ് 1978 ലെ പതിനേഴാം അധ്യായത്തിൽ ക്രമനമ്പർ 93 ആയി ഷെഡ്യൂൾ ചെയ്തിരിക്കുന്നത് മലയാളം ലെക്സിക്കൺ എഡിറ്റർ തസ്തികയിൽ നേരിട്ടുള്ള സ്ഥിരം നിയമനത്തിനുള്ള യോഗ്യത, ശമ്പളം തുടങ്ങിയവയാണ്. എഡിറ്ററുടെ ഡെപ്യൂട്ടേഷൻ നിയമനത്തിനായി വിദഗ്ധർ ഉൾപ്പെടുന്ന ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശുപാർശപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയ്ക്കുള്ള യോഗ്യത വിപുലീകരിച്ച് വിജ്ഞാപനം |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുകയും ചെയ്തു. ഇത് താല്ക്കാലികാടിസ്ഥാന ത്തിലുള്ള ഡെപ്യൂട്ടേഷൻ നിയമനം മാത്രമായതിനാൽ അതിനെ ഓർഡിനൻസ് വിരുദ്ധമായി കാണാനാകില്ല. |
| (ബി) | മലയാളം ലെക്സിക്കൻ മേധാവിക്കായി യൂണിവേഴ്സിറ്റി നോട്ടിഫിക്കേഷൻ ഇറക്കിയപ്പോൾ അതിൽ മലയാളത്തിൽ പ്രാവീണ്യമുള്ളവർ വേണമെന്ന നിബന്ധനയ്ക്കൊപ്പം മലയാളത്തിലോ സംസ്കൃതത്തിലോ എന്ന് ചേർത്തത് കേരള സർവ്വകലാശാല ഓർഡിനൻസിന്റെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കേരള സർവകലാശാല ഫസ്റ്റ് ഓർഡിനൻസ് 1978 ചാപ്റ്റർ 17 ൻറെ ഭാഗമായ ഷെഡ്യൂളിലെ ക്രമനമ്പർ 93 പ്രകാരം ചേർത്തിരിക്കുന്ന യോഗ്യതകൾ നേരിട്ടുള്ള സ്ഥിര നിയമനത്തിനു വേണ്ടിയുള്ളതാണ് ടി. തസ്തികയിലേക്ക് ഇപ്പോൾ നടത്തിയിട്ടുള്ള നിയമനം ലെക്സിക്കൺ വിഭാഗത്തിൽ നിലനിൽക്കുന്ന അടിയന്തിര സാഹചര്യം പരിഗണിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ താൽക്കാലികമായാണ്. ലെക്സിക്കണിൻറെ ഒൻപതാം വാല്യത്തിലെ ഗുരുതര വീഴ്ചകളുമായി ബന്ധപ്പെട്ട അന്വേഷണകമ്മിറ്റിയുടെ റിപ്പോർട്ടും മുൻകാലങ്ങളിലെപ്പോലെ ലക്സിക്കൺ വകുപ്പിൽ വിവിധഭാഷകളിലായി ഉണ്ടായിരുന്ന വിദഗ്ധരുടെ പങ്കാളിത്തവും കൂടി വിലയിരുത്തി ഭാഷാവിദഗ്ധർ ഉൾപ്പെടുന്ന സെലക്ഷൻകമ്മിറ്റി നൽകിയ ശുപാർശ പ്രകാരം മലയാള ഭാഷയിലെ ഡോക്ടറേറ്റിനൊപ്പം സംസ്കൃതഭാഷയിലെ ഡോക്ടറേറ്റും കൂടി ചേർത്ത് യോഗ്യത വിപുലപ്പെടുത്തി വിവിധ സർവകലാശാലയിലെ ബഹുഭാഷാ പാണ്ഡിത്യമുള്ള പ്രൊഫസർമാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എഡിറ്റർ തസ്തികയിലേക്ക് അപേക്ഷിക്കാൻ അവസരമൊരുക്കിയിരുന്നു. ഈ നിയമനം പൂർണ്ണമായും താൽക്കാലികമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാത്രമാണെന്നതിനാൽ അതിനെ ഓർഡിൻസിന് വിരുദ്ധമായി കാണാനാകില്ല. |
| (സി) | സർവ്വകലാശാല ഓർഡിനൻസിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ മാറ്റം വരുത്തുവാൻ വൈസ് ചാൻസലർക്കോ രജിസ്ട്രാർക്കോ അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | സർവകലാശാലയിലെ ഏതെങ്കിലുമൊരു തസ്തികയിലേക്കുള്ള സ്ഥിരം നിയമനത്തിനായി സർവകലാശാല ഓർഡിനൻസിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിൽ മാറ്റം വരുത്തുവാൻ വൈസ് ചാൻസലർക്കോ രജിസ്ട്രാർക്കോ അധികാരമില്ല. |
| (ഡി) | 2021 ജനുവരി 28-ന് പുറപ്പെടുവിച്ച പ്രസ്തുത നിയമന വിജ്ഞാപനം പത്രങ്ങളിലോ യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റുകളിലോ പ്രസിദ്ധീകരിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | 2021 ജനുവരി 28 ന് പുറപ്പെടുവിച്ച പ്രസ്തുത ഡെപ്യൂട്ടേഷൻ നിയമന വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിലും പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 28.01.2021 മുതൽ സർവകലാശാല വെബ്സൈറ്റിലെ ജോബ് നോട്ടിഫിക്കേഷൻസ് ലിങ്കിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. 30.01.2021, 08.02.2021 തീയതികളിൽ വിജ്ഞാപനം സംബന്ധിച്ച ഔദ്യോഗിക പത്രക്കുറിപ്പുകൾ എല്ലാ പത്രമാധ്യമങ്ങൾക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ